നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ

304 (3285) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) കൽപ്പറ്റ നഗരസഭയുടെ മാസ്റ്റർ പ്ലാനിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) തുടർച്ചയായി വിലയിരുത്തുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും വകുപ്പുമന്ത്രിയും നഗരങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

(ബി) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിലെ 31 മാസ്റ്റർ പ്ലാനുകളിൽ 5 മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 12 മാസ്റ്റർ പ്ലാനുകൾ പ്രസിദ്ധീകരിച്ചതിനുശേഷമുള്ള വിവിധ നടപടിക്രമങ്ങളിലാണ്. 13 മാസ്റ്റർ പ്ലാനുകളുടെ കരട് തയ്യാറാക്കി പ്രസിദ്ധീകരണത്തിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. രണ്ടാം ഘട്ടത്തിൽ 29 നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ 8 പട്ടണങ്ങളുടെ കരട് മാസ്റ്റർ പ്ലാനുകൾ ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. (മാസ്റ്റർ പ്ലാനുകളുടെ സ്റ്റേജ് വിവരം അനുബന്ധമായി ചേർക്കുന്നു.)*

(സി) 3-6-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ 204/2013/എൽ.എസ്.ജി.ഡി. പ്രകാരം കൽപ്പറ്റ മാസ്റ്റർ പ്ലാനിന്റെ കരട് പ്രസിദ്ധീകരണത്തിനുള്ള അനുമതി നൽകിയിരുന്നു. ആയത് പ്രകാരം കരട് മാസ്റ്റർ പ്ലാൻ 5-11-2013-ലെ ഗസറ്റ് നമ്പർ 44 പ്രകാരം നഗരസഭ പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ 23-9-2013-ൽ വിളംബരപ്പെടുത്തിയ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസ് പ്രകാരം ടി പ്രസിദ്ധീകരണ നടപടികൾ സാധുവല്ലാതായി. ആകയാൽ കൽപ്പറ്റ മാസ്റ്റർ പ്ലാൻ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസ് പ്രകാരം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വീണ്ടും സ്വീകരിക്കേണ്ടതായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly